പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *327 23.06.2014 ൽ മറുപടിക്ക്

## ടൂറിസ്റ്റ് ബോട്ട് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. അസീസ്:<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പ്, ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസ്റ്റ് ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ടോ; എവിടെയൊക്കെയാണ് സർവ്വീസ് നടത്തുന്നത്; | (എ) | ഉണ്ട്. സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി അപ്പർ ഡെക്ക് സംവിധാനമുള്ള രണ്ട് ലക്ഷ്വറി ബോട്ടുകൾ ആലപ്പുഴ - കൊല്ലം, കൊല്ലം - ആലപ്പുഴ റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ഇത് കൂടാതെ 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന അത്യന്താധുനിക സൗകര്യങ്ങളോട് കൂടിയ രണ്ട് പാസഞ്ചർ കം ടൂറിസ്റ്റ് ഡബിൾ ഡക്കർ ബോട്ടുകൾ 'സീ-കുട്ടനാട്' എന്ന പേരിൽ ആലപ്പുഴ - കുട്ടനാട് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. |
| (ബി) | എത്ര രൂപയാണ് ഓരോരുത്തരിൽ നിന്നും ടിക്കറ്റ് ചാർജ്ജായി ഈടാക്കുന്നത്; എന്തൊക്കെ സേവനങ്ങളാണ് യാത്രക്കാർക്ക് നൽകിവരുന്നത്; | (ബി) | ആലപ്പുഴ-കൊല്ലം ടൂറിസ്റ്റ് ബോട്ടിൽ ആലപ്പുഴ മുതൽ കൊല്ലം വരെ 400/- രൂപയും സീ-കുട്ടനാട് ടൂറിസ്റ്റ് ബോട്ടുകളിൽ ലോവർ ഡെക്കിൽ ആലപ്പുഴ മുതൽ കൈനകരി റോഡ് വരെ 15/- രൂപയും, അപ്പർ ഡെക്കിൽ ആലപ്പുഴ മുതൽ കൈനകരി റോഡ് വരെ 40/- രൂപയും ഈടാക്കി വരുന്നു. സഞ്ചാരികൾക്ക് കായൽ |

| | | | |
|---|---|---|---|
| | | | സൗന്ദര്യം ആസ്വദിക്കാനും ബോട്ടിൽ ഉല്ലാസ യാത്ര നടത്തുവാനും ഉദ്ദേശിച്ചാണ് വകുപ്പ് ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ നടത്തുന്നത്. കൂടാതെ യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ ലഘു ഭക്ഷണ സാധനങ്ങൾ ലഭിക്കുന്നതിനുള്ള ക്രമീകരണം സീ-കുട്ടനാട് ബോട്ടുകളിൽ ഏർപ്പെടുത്തിവരുന്നു. |
| (സി) | കൂടുതൽ സ്ഥലങ്ങളിൽ ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ നടത്താൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ആലപ്പുഴ,കോട്ടയം, എറണാകുളം ജില്ലകളിൽ കൂടുതൽ ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനായി സാധ്യതാ പഠനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ